ശ്രീ. പിണറായി വിജയൻ: വിദ്യാർത്ഥി സംഘട്ടനങ്ങളും ചിലപ്പോൾ കൊലവരെ എത്തുന്നുണ്ട്. അങ്ങനെ പ്രിൻസിപ്പാളിന്റെ മുമ്പിൽ വെച്ച് കൊല നടത്തുന്നവർക്ക് തുടർന്നു പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണോ കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കരുതുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: 1970-75 കാലഘട്ടത്തിൽ വിദ്യാർത്ഥി സംഘട്ടനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വിദ്യാർത്ഥി നേതാക്കന്മാരെല്ലാം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് ഇപ്പോൾ സംഘട്ടനം കുറവാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് കൂടുതൽ വിദ്യാർത്ഥി നേതാക്കന്മാരെ നിയമസഭയിലേക്ക് സ്ഥാനാർത്ഥികളാക്കാൻ ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയാണെങ്കിൽ സംഘട്ടനം നിയമസഭയിലും ഉണ്ടാകേണ്ടതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കോളേജുകളിലുണ്ടാകുന്ന വിദ്യാർത്ഥി സംഘട്ടനങ്ങളും പലപ്പോഴും പുറമെനിന്നുള്ള ആളുകളുടെ ഇടപെടലുകളുംകൊണ്ടാണ് ഉണ്ടാകുന്നതെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് കോളേജുകളിൽ പുറമെനിന്നുള്ള ആളുകളും കേറാതിരിക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ഐഡന്റിഫിക്കേഷൻ കാർഡ് ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഏർപ്പെടുത്തുന്നതിന് പ്രയാസമുണ്ട്.

ശ്രീ. പി. കരുണാകരൻ: സമൂഹത്തിൽ നിലനിൽക്കുന്ന പ്രത്യേകതകളുടെ പ്രതിഫലനമല്ലേ ഇതൊക്കെ? അടിയന്തിരാവസ്ഥക്കാലത്ത് രാജനെ കൊലപ്പെടുത്തി. ഇതുപോലുള്ള സംഭവങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നതല്ലേ വിദ്യാർത്ഥി സംഘട്ടനത്തിന് കാരണങ്ങളും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സമൂഹം അത്ര മോശമാണെന്ന് ഗവൺമെന്റ് കരുതുന്നില്ല.

അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി

*757 [824] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) യുടെ ഫൈനാൻസിങ്ങ് ആരാണ് നിർവ്വഹിക്കുന്നത്;

(ബി) സംസ്ഥാന ഗവൺമെന്റിന് ഇതിന്റെ നടത്തിപ്പിൽ ഉള്ള പങ്കും നിയന്ത്രണവും എന്തൊക്കെയാണ്;

(സി) ഇതിന്റെ വരവുചെലവ് കണക്കുകൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) നോൺഫോർമൽ എഡ്യൂക്കേഷനുള്ള റിസോഴ്സസ് സെന്റർ എന്ന നിലയിൽ അവരുടെ ഫൈനാൻസിംഗ് താഴെ പറയുന്ന അനുപാതത്തിലാണ്. ഇൻഡ്യാ ഗവൺമെന്റ് 75 ശതമാനം, സ്റ്റേറ്റ് ഗവൺമെന്റ് 15 ശതമാനം, സ്വന്തം ഫണ്ട് 10 ശതമാനം.

(ബി, സി) ഇതിനൊരു അഞ്ചംഗ സൂപ്പർവൈസറി കമ്മിറ്റിയുണ്ട്. അതിൽ ചെയർമാനും ഒരു മെമ്പറും ഗവൺമെന്റ് നോമിനികളായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. അക്കൗണ്ടുകൾ ആഡിറ്റിന് ലഭ്യമായിരിക്കും. ഗവൺമെന്റിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളനുസരിച്ച് കാൻഫെഡ് പ്രവർത്തിക്കേണ്ടതാണ്. ഇതു സംബന്ധമായ ജി. ഒ. മേശപ്പുറത്ത് വയ്ക്കാം. അക്കൗണ്ടുകൾ എ. ജി. യുടെ പരിശോധനക്ക് വിധേയമാകുന്നതാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ഇതിനെ നിയന്ത്രിക്കുന്നതിന് കേരളാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഏത് മാനദണ്ഡം വെച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിനെ നിയന്ത്രിക്കുന്നതിന് കേരളാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. വയോജന വിദ്യാഭ്യാസത്തിന് ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. വിവരമുള്ളവരും അറിവുള്ളവരുമായ പൊതുപ്രവർത്തകർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: അഴിമതി ആരോപണങ്ങൾക്ക് വിധേയരായ പല ആളുകളെയും ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അഴിമതി ആരോപണത്തിന് വിധേയരായ ആരേയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. എം. വി. രാഘവൻ: ഇതിൽ ചെയർമാനും ഒരു മെമ്പറും ഗവൺമെന്റ് നോമിനിയാണെന്ന് പറയുന്നു. ബാക്കി ആളുകളെ ആരാണ് നോമിനേറ്റ് ചെയ്യുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കാൻഫെഡാണ് നോമിനേറ്റ് ചെയ്യുന്നത്.

ശ്രീ. എം. വി. രാഘവൻ: അവരുടെ പേര് വിവരം വെളിപ്പെടുത്താമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരുടെ അഡ്വൈസറി കമ്മിറ്റി മെമ്പർമാർ ഉണ്ട്. ഗവൺമെന്റിന്റെ നോമിനിയായിട്ടില്ല. മറ്റു മെമ്പർമാരുടെ പേര് കിട്ടിയിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: രണ്ടുമെമ്പർമാർ മാത്രമേയുള്ളൂ. ഇതൊരു തട്ടിപ്പ് സംഘമാണെന്ന് പറയുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരത്തെ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് ഈ കാര്യങ്ങളെ സംബന്ധിച്ച് നോൺഫോർമൽ എഡ്യൂക്കേഷൻ മാത്രം നടത്തിയിരുന്നു. ആ കാലഘട്ടത്തിൽ കാൻഫെഡ് റിസോഴ്സസ് സെന്ററായി മാറണമെന്ന് ശുപാർശ ചെയ്തത് അംഗീകരിച്ചു.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇപ്പോഴത്തെ രണ്ട് അംഗങ്ങളെ മാത്രമേയുള്ളൂ. ഇതിനു കിട്ടുന്ന സംഖ്യ എങ്ങനെ ചെലവാക്കുന്നു, ചെലവാക്കുന്നതിന്റെ മേൽ എന്തെങ്കിലും നിയന്ത്രണം സർക്കാരിനുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർക്കാരിനുള്ള നിയന്ത്രണം എന്നു പറഞ്ഞത്, സർക്കാരിന്റെ രണ്ടു നോമിനികളെ ഉണ്ടാകും, കണക്കുകളെ ആഡിറ്റിനു വിധേയമായിരിക്കും, ഗവൺമെന്റ് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളെ സ്വീകരിക്കും, എ. ജി. യുടെ പരിശോധനക്കു വിധേയമായിരിക്കും. ഇതൊക്കെയാണ്.

ശ്രീ. എസ്. ത്യാഗരാജൻ: അനൗപചാരിക വിദ്യാഭ്യാസം കാൻഫെഡ് അല്ലാതെ മറ്റേതെങ്കിലും സന്നദ്ധ സംഘടന നടത്തുന്നതിനു മുന്നോട്ടു വന്നിട്ടുണ്ടോ? അങ്ങനെ വന്നാൽ അവർക്കു അംഗീകാരം നൽകാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ഗവൺമെന്റ് നൽകുന്ന അംഗീകാരമല്ല, വേറെ പല സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്. അവസാനമായി തീരുമാനിക്കേണ്ടത് ഇൻഡ്യാഗവൺമെന്റാണ്.

ശ്രീ. എ. പി. കുര്യൻ: രണ്ടു നോമിനികളെ നോമിനേറ്റു ചെയ്യാൻ അവകാശമുണ്ടെന്നു പറഞ്ഞു. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷം ചെലവാക്കിയ സംഖ്യ ആരുടെ നിർദ്ദേശപ്രകാരമാണ് ചെലവാക്കിയത്, അവരുടെ മേൽ എന്തു നിയന്ത്രണം ഉണ്ടായിരുന്നു എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിയന്ത്രണത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. അക്കൗണ്ട് ആഡിറ്റിനു വിധേയമാണ്. കാലാകാലങ്ങളിൽ ഗവൺമെന്റ് കൊടുക്കുന്ന നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇത് സംബന്ധമായ ജി. ഒ. മേശപ്പുറത്ത് വെയ്ക്കാം. അതുവേണമെങ്കിൽ ഞാൻ വായിക്കാം.

A proposal has been received from the Government of India for starting a State Resource Centre for Non-formal Education—for organising training activities, curriculum development, preparation of instructional materials for diversified learning and other necessary services. If the State Resource Centre is organised by a voluntary agency, 75% of the expenditure will be met by the Government of India. 15 % will have to be met by the State Government and the remaining 10% will have to be found by the voluntary agency itself.

2. The estimated cost of the scheme is Rs. 1.5 lakhs per annum as per the cost chart furnished by Government of India. Out of the total expenditure of Rs. 1.5 lakhs per annum, the State Government will have to bear Rs. 22,500 (i.e 15%) per annum and the voluntary organisation Rs. 15,000 (10 %) per annum.

LIBRARY ARCHIVES Kerala Legislative Assembly

3. The Kerala Association for Non-formal Education and Development (KANFED), a voluntary agency working in the field of Non-formal Education has expressed their willingness to undertake the responsibility for running the State Resources Centre and to abide by the following conditions:

ശ്രീ. എ. പി. കുര്യൻ: ഗവൺമെൻറ് ഇതുവരെ നോമിനികളെ വയ്ക്കാത്തത് അഴിമതിക്കാരനായ പി. എൻ. പണിക്കർക്കും കൂട്ടർക്കും ഇഷ്ടംപോലെ സംഖ്യ ധൂർത്തടിക്കാൻ വേണ്ടിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റിസോഴ്സസ് സെൻറർ അന്നു നോൺ ഫോർമൽ എഡ്യൂക്കേഷനുവേണ്ടി ഡവലപ്പുമെൻറ് ഡിപ്പാർട്ടുമെൻറ് കൊണ്ടുവന്നതാണ്. അതു മാറണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന വേറെ സംഘടനകളുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത് ഇങ്ങനെ പല സംഘടനകളുമുണ്ട്. ആ സംഘടനകൾക്കെല്ലാം പ്രാതിനിധ്യം നൽകിക്കൊണ്ട് പുതിയ റിസോഴ്സ് സെൻറർ ഉണ്ടാക്കണമെന്നു കേരളാ ഗവൺമെൻറ് തീരുമാനിച്ചു കേന്ദ്രഗവൺമെൻറിന്റെ അംഗീകാരത്തിനു അയച്ചിട്ടുണ്ട്.

അടിസ്ഥാന ഭൂനികുതിയിൽ നിന്നുള്ള വരുമാനം

*758 [825] ശ്രീ. ഇ. നാരായണൻ നായർ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
,, കെ. രാഘവൻമാസ്റ്റർ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഭൂനികുതിയിൽനിന്നുള്ള വരുമാനം സംസ്ഥാന ഗവൺമെൻറ് പഞ്ചായത്തുകൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്നാണ് തീരുമാനിച്ചത്;

(സി) ഇതുപ്രകാരം ഒട്ടാകെ എത്ര സംഖ്യയാണ് ഗവൺമെൻറ് പഞ്ചായത്തുകൾക്ക് നൽകേണ്ടതായി വരുന്നത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. നാരായണൻ നായർ: ബേസിക് ടാക്സ് ഇനത്തിൽ എത്ര സംഖ്യ വരുമാനമുണ്ടെന്നു പറയാമോ?

ശ്രീ. ബേബിജോൺ: രണ്ടുകോടി ഉറുപ്പികയോളം ഉണ്ടെന്നാണ് എന്റെ ഓർമ്മ. കൃത്യമായ വിവരമില്ല, വിവരം ശേഖരിച്ചുവരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly